# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7245 11.07.2014-ൽ മറുപടിക്ക്**

**ലോകബാങ്ക് സഹായത്തോടുകൂടി നടപ്പാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ലോകബാങ്ക് സഹായത്തോടു കൂടി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) ലോക ബാങ്ക് ധനസഹായത്തോട്ടു കൂടി കെ.എസ്.ടി.പി-രണ്ട് പദ്ധതിയിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 363 കി.മീ. ദൈർഘ്യം വരുന്ന 6 പ്രധാന റോഡുകൾ 9 പാക്കേജുകളായി നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന 3 റോഡുകളുടെ നിർമ്മാണ പ്രവർത്തനമാണ് ഇപ്പോൾ നടന്നു വരുന്നത്.<br>1. കാസർകോഡ്-കാഞ്ഞങ്ങാട് റോഡ് - 27.76 കി.മീ<br>2. പിലാത്തറ-പാപ്പിനിശ്ശേരി റോഡ് - 20.9 കി.മീ<br>3. തലശ്ശേരി - വളവുപാറ റോഡ് - 53.12 കി.മീ.<br>താഴെപ്പറയുന്ന റോഡുകളുടെ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.<br>1. ഏറ്റുമാനൂർ-മൂവാറ്റുപുഴ എം.സി. റോഡ് - 42 കി.മീ.<br>2. തിരുവല്ല ബൈപ്പാസ് റോഡ് -2.25 കി.മീ |

3. പൊൻകുന്നം-തൊടുപുഴ റോഡ് - 50.22 കി.മീ.

ചെങ്ങന്നൂർ-ഏറ്റുമാന്നൂർ എം.സി.റോഡ് പ്രവൃത്തിയുടെ (43.65 കി.മീ) ദർഘാസുകൾ സൂക്ഷ്മ പരിശോധനയിലാണ്. പുനലൂർ-പൊൻകുന്നം റോഡ് (82 കി.മീ) പൊതു സ്വകാര്യ പങ്കാളിത്തത്തോട്ടു കൂടിയാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. പെരിമ്പിലാവ് - പട്ടാമ്പി-പെരിന്തൽമണ്ണ റോഡിന്റെ (41 കി.മീ) വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഓരോ പദ്ധതികളിലും കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ? | (ബി) 2403 കോടി രൂപ അടങ്കൽ കണക്കാക്കുന്ന കെ.എസ്.ടി.പി -രണ്ട് പദ്ധതിയ്ക്ക് 216 യു.എസ് മില്ല്യൺ ഡോളർ (ഏകദേശം 1166 കോടി രൂപ) ആണ് ലോക ബാങ്ക് ധനസഹായമായി നൽകുന്നത്. സംസ്ഥാന വിഹിതം 1237 കോടി രൂപയാണ്. ഇതിന് കേന്ദ്ര വിഹിതമില്ല. |

സെക്ഷൻ ഓഫീസർ